# പൂവൻ കൂവാതായപ്പോൾ

## അത്യാഗ്രഹം

ഒരു ദിവസം രാവിലെ പുസ്സി പൂച്ച തോട്ടത്തിൽ നടക്കുകയായിരുന്നു. വസന്തകാലമായതിനാൽ ചെടികളിൽ നിറയെ പൂവ്. അതിനു ചുറ്റും ധാരാളം ചിത്രശലഭങ്ങൾ.

പൂവിലിരിക്കുന്ന ഭംഗിയുള്ള ഒരു വലിയ ചിത്രശലഭത്തെ പുസ്സി കണ്ടു. "എന്തൊരു ഭംഗിയുള്ള ജീവി. നല്ല രുചിയും കാണും." പൂച്ച മനസ്സിൽ പറഞ്ഞു. അത് പതുങ്ങിപ്പതുങ്ങി ആ

ചെടിയുടെ അടുത്തെത്തി, ചിത്രശലഭത്തിനു നേരെ ചാടി.

പക്ഷേ, അപകടം അറിഞ്ഞ അത് പൂച്ചയ്ക്ക് പിടികിട്ടുന്നതിനു മുമ്പേ മുകളിലേക്കു പറന്നു.

കുറച്ചു സമയം കഴിഞ്ഞ് ചിത്രശലഭം വീണ്ടും ആ പൂവിലേക്കു പറന്നു വന്ന് അവിടെ ഇരിപ്പുറപ്പിച്ചു. എന്നാൽ ഇതിനെ പിടിച്ചിട്ടു തന്നെ. പൂച്ച കരുതി. ഇപ്പോൾ അത് വളരെ കരുതലോടെ നീങ്ങി. ചെടിയുടെ അടുത്തെത്തി. സർവശക്തിയുമെടുത്തു ചാടി. പക്ഷേ,

കഷ്ടം! ഇത്തവണയും ചിത്രശലഭം പറ്റിച്ചു.

"നീയെന്തിനാണ് എന്റെ നേരെ ചാടുന്നത്? നിനക്ക് എന്തു വേണം?" ചിത്രശലഭം ചോദിച്ചു.

"അല്ലല്ല, ഞാൻ നിന്നെപ്പിടിക്കാൻ ചാടിയതല്ല. വാസ്തവത്തിൽ നീ ആ പൂവിൽ എന്തു ചെയ്യുന്നു എന്നറിയാൻ നോക്കിയതാണ്," പൂച്ച പറഞ്ഞു.

"ഓ അതോ. ഞാൻ തേനൂറ്റിക്കുടിക്കുക യായിരുന്നില്ലേ?"

"തേനോ?" പൂച്ച ചോദിച്ചു. "അതെ തേൻ. തേൻ എന്താണെന്നറിയില്ലേ. അതിനു നല്ല മധുരമാണ്. മറ്റെന്തിനെക്കാളും മധുരം. തേനാണ് എന്റെ ആഹാരം." ചിത്രശലഭം അഭിമാനത്തോടെ പറഞ്ഞു.

"അതാണ് നിനക്കിത്ര സൗന്ദര്യം!" പൂച്ച ചിത്രശലഭത്തെത്തന്നെ നോക്കി അത്ഭുതത്തോടെ ചോദിച്ചു. "അതെ അതെ.. ! നിനക്കും സുന്ദരിയാവേണ്ടേ?"

ചിത്രശലഭം സൗഹൃദത്തോടെ ചോദിച്ചു. സത്യത്തിൽ പൂച്ചയെ ഒന്നു പറ്റിക്കാനായിരുന്നു അതിന്റെ നീക്കം. "എനിക്കും സുന്ദരിയാവണം. പക്ഷേ, എങ്ങനെ?" പൂച്ചയ്ക്ക് ആഗ്രഹം മൂത്തു.

“നിനക്കും പൂക്കളിലെ തേൻ കുടിക്കാമല്ലോ. അപ്പോൾ പൂവിനെപ്പോലെ സൗന്ദര്യം കിട്ടും.”

“ശരി. ഞാനങ്ങനെ ചെയ്യാം, ചെയ്യാം." പൂച്ചയ്ക്ക് കൊതിയായി.

“നിനക്ക് ഞാൻ പുതിയ ഒരു പൂങ്കുല കാണിച്ചു തരാം. അതു നിറയെ തേനാണ്. എന്നോടൊപ്പം വാ.” ചിത്രശലഭം പൂച്ചയെ പുതുതായി പൂത്ത ഒരു ചെടിയുടെ അടുത്തേക്കു കൊണ്ടു പോയി. ഒരുകൂട്ടം തേനീച്ചകൾ അവിടെ തേൻ കുടിക്കുന്നുണ്ടായിരുന്നു.

അപകടം മനസ്സിലാക്കാതെ പൂച്ച ആ പൂങ്കുല ചാടിപ്പിടിച്ചു. അവ പെട്ടെന്ന് പൂച്ചയെ ആക്രമിക്കുവാൻ തുടങ്ങി. പൂച്ചയുടെ മുഖമാകെ തേനീച്ച കുത്തി. അത് ജീവനും കൊണ്ടോടി.

ചിത്രശലഭം പിന്നാലെ പറന്നുചെന്നു. അതുറക്കെ വിളിച്ചു പറഞ്ഞു, “ഒരിക്കലും പാവം ചിത്രശലഭങ്ങളെ പിടിക്കാൻ നോക്കരുത്. കേട്ടോ...?"

# എണ്ണത്തിലല്ല കാര്യം

പണ്ടുപണ്ട് ഒരിക്കൽ ഒരു കാട്ടിൽ കണക്കെടുപ്പു നടക്കുകയായിരുന്നു. ആർക്കാണ് ഏറ്റവും കൂടുതൽ കുട്ടികൾ എന്നറിയുകയായിരുന്നു ലക്ഷ്യം. ഓരോരുത്തർക്കും ഉള്ള കുട്ടികളുടെ എണ്ണം കണക്കെടുപ്പുകാർ രേഖപ്പെടുത്തി.

പലർക്കും വലിയ കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. പത്തും പതിനഞ്ചും ഇരുപതും ഒക്കെ കുട്ടികൾ സാധാരണമായിരുന്നു. ചിലർക്കൊക്കെ ഒരു പ്രസവത്തിൽ തന്നെ നിരവധി കുട്ടികൾ ഉണ്ടായിരുന്നു.

അവസാനം കണക്കെടുപ്പുസംഘം ഒരു സിംഹത്തിന്റെ അടുത്തെത്തി.

“തിരുമേനി, അവിടുത്തേക്ക് എത്ര കുട്ടികളുണ്ട്?”

“ഒന്ന്,” സിംഹം മറുപടി പറഞ്ഞു. “എന്ത്? ഒരെണ്ണം മാത്രമോ? വിശ്വസിക്കാൻ വയ്യ.”

“അതെ,” സിംഹം ഗൗരവത്തിൽ മറുപടി നല്കി “പക്ഷേ, അതൊരു സിംഹമാണ്.” കണ ക്കെടുപ്പുകാർ പിന്നെ ഒന്നും മിണ്ടിയില്ല.

‘എണ്ണത്തിലല്ല കാര്യം ഗുണത്തിലാണ്.’

# കുഞ്ഞാടും ചെന്നായയും

ഒരിക്കൽ ഒരു ആട്ടിൻപറ്റം കാട്ടിൽ മേയുകയായിരുന്നു. സൂര്യാസ്തമയമായി. അവയ്ക്കു തിരിച്ചു പോകാൻ നേരമായി. "വേഗമാകട്ടെ മോളെ," തള്ളയാട് വിളിച്ചു പറഞ്ഞു. "നമുക്കു വീട്ടിലെത്തേണ്ടേ. ആ ചെന്നായ് നമ്മളെയും നോക്കി ഇവിടെ എവിടെയെങ്കിലും കാണും. ദാ, നേരമിരുട്ടുന്നു." കുഞ്ഞാടിന് അത് തീരെ പിടിച്ചില്ല. അതു പറഞ്ഞു, "നോക്കമ്മേ, എനിക്ക് എന്നെ നോക്കാനുള്ള പ്രായമായില്ലേ. കണ്ടില്ലേ എന്റെ കൊമ്പുകൾ എത്ര വലുതായി. അമ്മ പൊയ്ക്കോ. ഞാൻ കുറച്ചു കഴിഞ്ഞു വരാം."

കുഞ്ഞാട് തീറ്റ തുടർന്നു. മറ്റെല്ലാ ആടുകളും പോയി. ഇരുട്ടും പരന്നു തുടങ്ങി. കുഞ്ഞാടിനു പേടിയായി.

"അമ്മേ..." കുഞ്ഞാട് പേടിച്ചു വിളിച്ചു. അത് വീട്ടിലേയ്ക്ക് ഓടാൻ തുടങ്ങി. പക്ഷേ... പക്ഷേ, അതാ ചെന്നായ് തൊട്ടുമുന്നിൽ. "അല്ലാ, കുഞ്ഞാടേ നീയെന്താ ഇവിടെ, ഈ കാട്ടിൽ തനിച്ച്?" ചെന്നായ് ചിരിച്ചു കൊണ്ടു ചോദിച്ചു.

"അത്... ഞാൻ... ഞാൻ വീട്ടിപ്പോട്ടെ," കുഞ്ഞാട് പേടിച്ച് വിക്കി വിക്കിപ്പറഞ്ഞു. "അതിനെന്താ പോകാമല്ലോ. എന്റെ ഭക്ഷണം കഴിഞ്ഞിട്ട് പൊയ്ക്കോ. എന്റെ ഭക്ഷണം നീയാണു കേട്ടോ," ചെന്നായ് വീണ്ടും ചിരിച്ചു. കുഞ്ഞാട് ഒന്നാലോചിച്ചു. എന്നിട്ടു പറഞ്ഞു. "ചെന്നായച്ചേട്ടാ നിങ്ങൾ എന്നെ കൊല്ലാൻ പോകുകയല്ലേ...? എന്നെ കൊല്ലുന്നതിനു മുമ്പ് എനിക്കു വേണ്ടി ഒരു പാട്ടുപാടുമോ? ഞാനും പാടാം. ജീവിച്ചിരിക്കുന്ന കാലത്തോളം സന്തോഷമായിരിക്കാമല്ലോ. എന്നിട്ട് മരിക്കാം."

അവന്റെ അവസാനത്തെ ആഗ്രഹമല്ലേ. ചെന്നായ് പാടാൻ തുടങ്ങി. ഒപ്പം കുഞ്ഞാടും. അത് പാട്ടിനൊത്ത് ചാടിത്തുള്ളി.

കുഞ്ഞാടിനെക്കാണാഞ്ഞ് അന്വേഷിച്ചു വന്ന ആട്ടിടയൻ ആ പാട്ടു കേട്ടു. അത് അയാൾക്ക് പരിചയമുള്ള ശബ്ദമാണ്. ചെന്നായ് പാടുന്നു. ഒപ്പം കുഞ്ഞാടിന്റെ ശബ്ദവും. അയാൾ അങ്ങോട്ടേയ്ക്കോടി. അയാളോടൊപ്പമുള്ള പട്ടികൾ ചെന്നായയെ തുരത്തി. അങ്ങനെ കുഞ്ഞാട് സുരക്ഷിതമായി വീട്ടിലുമെത്തി.

# ചതിയൻ ചതിയിൽപെടും

പൂവൻകോഴിയും കുട്ടൻപട്ടിയും നല്ല ചങ്ങാതിമാരായിരുന്നു. ഒരു കൃഷിക്കളത്തിലായിരുന്നു അവരുടെ താമസം. ഏതു കാര്യത്തിനും അവർ ഒരുമിച്ചുണ്ടാകും.

“നമുക്ക് ഒരു യാത്രപോയാലോ? ലോകമൊക്കെ ചുറ്റി കാണാം,” ഒരു ദിവസം കുട്ടൻപട്ടി പറഞ്ഞു. പൂവൻ കോഴിക്കും അതിഷ്ടപ്പെട്ടു. അങ്ങനെ രണ്ടുപേരും യാത്ര തിരിച്ചു. എന്തെല്ലാം കാഴ്ചകൾ? നടന്നു നടന്ന് നേരമിരുട്ടി. അവർ ഒരു വന പ്രദേശത്തെത്തി.

“നമുക്കു രാത്രി കഴിച്ചുകൂട്ടാൻ ഒരു സ്ഥലം കണ്ടുപിടിക്കണം," പൂവൻകോഴി പറഞ്ഞു. അവർ ചുറ്റും നോക്കി. ഒരു വലിയ മരം കണ്ടു.

“കൊള്ളാം എനിക്കാ മരപ്പൊത്തിൽ ഉറങ്ങാം," കുട്ടൻപട്ടിക്ക് സന്തോഷമായി.

“എനിക്ക് മരക്കൊമ്പിലും,” പൂവൻകോഴിയും പറഞ്ഞു. അവർ രണ്ടുപേരും പെട്ടെന്നുറങ്ങി. യാത്രാ ക്ഷീണമുണ്ടല്ലോ. നേരം പ്രഭാതമായപ്പോൾ പൂവൻകോഴിയുണർന്നു. അവൻ കൂവി. അത് എന്നും പതിവുള്ളതാണല്ലോ.

ഒരു കുറുക്കൻ പൂവൻകോഴിയുടെ കൂവൽ കേട്ടു. അത് ഉടൻ ആ മരച്ചുവട്ടിൽ പാഞ്ഞെത്തി. ഇതു കൊള്ളാമല്ലോ. ഈ കാട്ടിൽ ഒരു പൂവൻ കോഴി. ഇവനെ ഇപ്പോൾ തന്നെ തിന്നണം.

“എന്താ സുഹൃത്തേ, ഉറക്കമൊക്കെ സുഖമായോ? ഞങ്ങളുടെ ഈ കാട്ടിലേക്ക് സ്വാഗതം, ഇനി നമ്മൾ ചങ്ങാതിമാരല്ലേ? ഇറങ്ങി വരൂ,” അവൻ പറഞ്ഞു. പൂവൻ കോഴിക്കു കാര്യം മനസ്സിലായി. കുറുക്കനെ ശരിക്കൊന്ന് പറ്റിക്കണം. അവനൊരു ബുദ്ധി തോന്നി.

“നന്ദി സുഹൃത്തേ, എനിക്കും താങ്കളുടെ കൂട്ടുകാരനാകണമെന്ന് വലിയ കൊതിയുണ്ട്. ദാ, ആ മരപ്പൊത്തിൽ ചെന്നാൽ എന്റെ മറ്റൊരു സുഹൃത്ത് അവിടെയുണ്ട്. അയാളെ ഒന്നു പരിചയപ്പെടൂ. കടന്നു വരൂ,” പൂവൻ പറഞ്ഞു. ഈ പൂവനൊരു മണ്ടനാണല്ലോ എന്നോർത്തു കൊണ്ട് കുറുക്കൻ മരപ്പൊത്തിലേക്ക് കടന്നു.

കുട്ടൻപട്ടി കുറുക്കന്റെ മേൽ ചാടി വീണു. കുറുക്കന് കടി ശരിക്കു കിട്ടി. ഒരു വിധത്തിൽ പുറത്തുചാടി ജീവനും കൊണ്ടോടി.

ചതിക്കാൻ ചെല്ലുന്നവൻ ചതിയിൽതന്നെ പെടും.

# <u>പൂവൻ കൂവാതായപ്പോൾ</u>

ഒരു വൃദ്ധയും രണ്ട് അനാഥപെൺകുട്ടികളും ഒരുമിച്ചു താമസിച്ചിരുന്നു. കോഴികളെ വളർത്തിയും നൂൽനൂറ്റുമാണ് അവർ ആഹാരത്തിനുള്ള വക ഉണ്ടാക്കിയിരുന്നത്.

അവർക്കൊരു പൂവൻകോഴിയുണ്ടായിരുന്നു. തടിച്ചുകൊഴുത്ത ഒരു സുന്ദരൻ കോഴി. അവൻ എന്നും പുലർച്ച നാലുമണിക്ക് ഉണർന്നു കൂവും. വല്യമ്മയും അപ്പോൾ ഉണരും. ഉടൻ പെൺകുട്ടികളെ വിളിച്ചുണർത്തും. അപ്പോൾ തന്നെ ജോലികൾ തുടങ്ങണം.

ആ പെൺകുട്ടികൾക്ക് ഇത് നേരത്തേ ഉണരുക എന്നത് വലിയ വിഷമമായിരുന്നു. "കുറച്ചു സമയം കൂടി ഉറങ്ങാൻ കഴിഞ്ഞെങ്കിൽ! എന്താണതിനൊരു വഴി?" അവർ ആലോചിച്ചു. ഈ പൂവൻ നാലുമണിക്ക് ഉണർന്നു കൂവുന്നതുകൊണ്ടല്ലേ വൃദ്ധ ഉണരുന്നത്. അപ്പോൾ പൂവൻ ഉണർന്നു കൂവിയില്ലെങ്കിൽ രക്ഷപ്പെടാം. സുഖമായി ഉറങ്ങാം. അതു തന്നെ വഴി. അവർ രണ്ടുപേരും വൃദ്ധ അറിയാതെ ആ പൂവനെ കൊന്നു കാട്ടിലെറിഞ്ഞു. വൃദ്ധയ്ക്ക് വലിയ സങ്കടമായി. അവർ പൂവനെ തിരഞ്ഞു നടന്നു. കണ്ടില്ല. കുറുക്കൻ കൊണ്ടുപോയിക്കാണും. അവർ കരുതി.

പെൺകുട്ടികൾ അന്ന് സന്തോഷത്തോടെ ഉറങ്ങാൻ കിടന്നു. പാതിരാത്രി കഴിഞ്ഞപ്പോൾ വൃദ്ധ ഉണർന്നു. അപ്പോൾ തന്നെ പെൺകുട്ടികളെയും വിളിച്ചുണർത്തി. അത്ര നേരത്തെ അതിനു മുമ്പൊരിക്കലും ഉണരേണ്ടി വന്നിട്ടില്ല.

“ഇനി കിടന്നാൽ നേരം വെളുത്താലും നമ്മൾ ഉണരില്ല. കൃത്യസമയത്ത് കൂവിയുണർത്താൻ പൂവനില്ലല്ലോ. അതു കൊണ്ട് ഇനി കിടക്കേണ്ട. നമുക്ക് ജോലികൾ തുടങ്ങാം."

എന്തു ചതിയായിപ്പോയി. പൂവൻകോഴി ഉണ്ടായിരുന്നപ്പോൾ നാലുമണിക്ക് ഉണർന്നാൽ മതിയായിരുന്നു. ഇനി എന്തു ചെയ്യും? . ഇതാണ് അധർമത്തിന്റെ ഫലം. അത് നമ്മെ കൂടുതൽ കുഴപ്പത്തിൽ കൊണ്ടു ചെന്നെത്തിക്കും.

## ചെന്നായ എന്നും ചെന്നായ

ഒരിക്കൽ ഒരാട്ടിടയന് ഒരു ചെന്നായക്കുട്ടിയെക്കിട്ടി.അയാളതിനെ സ്വന്തം വീട്ടിൽ കൊണ്ടുവന്നു.ആട്ടിടയന് രണ്ട് പട്ടികളുണ്ടായിരുന്നു. ചെന്നായയെയും ആ പട്ടികളോടൊപ്പം അയാൾ വളർത്തി. അത് വളർന്ന് ഒത്ത ഒരു ചെന്നായയായി. രണ്ടു പട്ടികളും ഈ

ചെന്നായയും ആയിരുന്നു ഇടയന്റെ ആടുകളെ സംരക്ഷിച്ചിരുന്നത്. ഇടയന് ചെന്നായയെ വലിയ വിശ്വാസവുമായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം കാട്ടിൽ നിന്ന് വന്ന ഒരു ചെന്നായ് ഒരാടിനെ പിടിച്ചു. പട്ടികളും അവരുടെ ചങ്ങാതി ചെന്നായയും കൂടി കാട്ടുചെന്നായയുടെ പിന്നാലെ പാഞ്ഞു. കുറെ ദൂരം ഓടിയപ്പോൾ പട്ടികൾ ഓട്ടം നിർത്തി. ചെന്നായക്കൊപ്പം ഓടിയെത്താൻ കഴിയില്ല എന്നവർക്ക് മനസ്സിലായി.

എന്നാൽ ആ വളർത്തു ചെന്നായ് അങ്ങനെ വിട്ടുകൊടുക്കാൻ തയാറായിരുന്നില്ല. അവൻ ഓടി ഒപ്പമെത്തി. എന്നാൽ ആടിനെ രക്ഷിക്കുന്നതിനു പകരം അതിനെ കൊന്ന് രണ്ടു ചെന്നായ്ക്കളും കൂടി ശാപ്പിട്ടു. അങ്ങനെ ആ ചെന്നായ് ആട്ടിൻ മാംസത്തിന്റെ രുചിയറിഞ്ഞു.

അടുത്ത ദിവസം ആട്ടിടയന് പട്ടണത്തിൽ പോകേണ്ടതുണ്ടായിരുന്നു. അയാൾ പോയപ്പോൾ ചെന്നായയും പട്ടികളും കൂടി ഒരു കരാറിലെത്തി. ചെന്നായ് ആടിനെ കൊന്ന് മാംസം അവർക്കു കൂടി കൊടുക്കും. പട്ടികൾക്കു സന്തോഷമായി. അവർക്ക് പണി യൊന്നുമില്ലല്ലോ.

അങ്ങനെ അവർ ആടുകളെ ഒന്നൊന്നായി കൊന്നു തിന്നാൻ തുടങ്ങി. കുറച്ചു ദിവസം അങ്ങനെ കഴിഞ്ഞു. തന്റെ ആടുകളുടെ എണ്ണം കുറഞ്ഞു വരുന്നത് ഇടയൻ മനസ്സിലാക്കി. പിന്നെ ഏറെ സമയം വേണ്ടി വന്നില്ല കള്ളനെ കണ്ടെത്താൻ. ഇടയൻ ചെന്നായയെ തല്ലിക്കൊന്നു. അത് ആ നായ്ക്കൾക്കും ഒരു പാഠമായിരുന്നു.

# നല്ലതും ചീത്തയും

ഒരു യാത്രക്കാരൻ വനത്തിലൂടെ നടക്കുകയായിരുന്നു. അയാൾക്ക് നല്ല ക്ഷീണം തോന്നി. യാത്രമതിയാക്കി അടുത്തു കണ്ട ഒരു വൃക്ഷച്ചുവട്ടിൽ വിശ്രമിക്കാൻ തുടങ്ങി.

“നിന്നെ എന്റെ കൈയിൽ കിട്ടും, നോക്കിക്കോ. നിന്നെ ഞാൻ പിടിക്കും. തീർച്ചയായും കൊല്ലും."

ഒരു വല്ലാത്ത ശബ്ദത്തിലുള്ള ഈ വാക്കുകൾ കേട്ട് യാത്രക്കാരൻ ഞെട്ടി. അയാൾ മരത്തണലിൽ നിന്നെഴുന്നേറ്റ് ചുറ്റുപാടും നോക്കി. അവിടെ മരച്ചില്ലയിലെ ഇലകൾക്കിടയിൽ ഒരു തത്ത.

“നിന്നെ ഞാൻ പിടിക്കും. തീർച്ചയായും കൊല്ലും.” ആ തത്തെ വീണ്ടും പറഞ്ഞു.

ഏതായാലും ഇനി ഇവിടെയിരിക്കേണ്ട. അയാൾ മുന്നോട്ടു നടന്നു. കുറച്ചുദൂരം ചെന്നപ്പോൾ നല്ല തണലുള്ള മറ്റൊരു മരം കണ്ടു. ശരി, ഇവിടെയാകാം വിശ്രമം. അയാൾ ആ മരച്ചുവട്ടിൽ വിശ്രമിക്കാൻ തുടങ്ങി.

“വരൂ, വരൂ, ഇരിക്കൂ. താങ്കൾക്കെന്താണു വേണ്ടത് ? ഞാനല്പം വെള്ളം കൊണ്ടുത്തരട്ടെ. കുറച്ചു പഴങ്ങളായാലോ?"

മധുരമായ ശബ്ദത്തിലുള്ള ഈ വാക്കുകളാണ് അയാളെ ഇപ്പോൾ എതിരേറ്റത്. ആരാണിങ്ങനെ പറയുന്നത് എന്നറിയാൻ ചുറ്റും നോക്കിയ അയാൾ കണ്ടത് നേരത്തേ കണ്ടതുപോലെയുള്ള ഒരു തത്തയെയാണ്. പെട്ടെന്ന് ആ തത്ത പറന്നു പോയി. യാത്രക്കാരന് വലിയ അത്ഭുതമായി. ഒരേ തരത്തിലുള്ള തത്തകൾ. സംസാരിക്കുന്നതോ വളരെ വ്യത്യസ്തമായും. ആ തത്തകളുടെ സംസാരത്തെക്കുറിച്ചാലോചിച്ച് അയാൾ യാത്ര തുടർന്നു. നടന്നു നടന്ന് ഒരാശ്രമത്തിലാണ് അയാൾ എത്തിച്ചേർന്നത്. അവിടെ ഒരു മഹർഷി ധ്യാനത്തിൽ മുഴുകിയിരിക്കുന്നു. “വരൂ, വരൂ, ഇരിക്കൂ. താങ്കൾക്കെന്താണു വേണ്ടത്?”തത്തയുടെ ശബ്ദം അവിടെ മുഴങ്ങി.

അതുകേട്ട മഹർഷി ധ്യാനത്തിൽ നിന്നുണർന്നു. ധ്യാനത്തിൽ നിന്നുണർന്ന സന്യാസിയും തത്തപറഞ്ഞ അതേ വാക്കുകൾ തന്നെ യാത്രക്കാരനോട് പറഞ്ഞു. “വരൂ... വരൂ... ഇരിക്കൂ... താങ്കൾക്കെന്താണു വേണ്ടത്...?" യാത്രക്കാരൻ സന്യാസിയുടെ അടുത്തിരുന്നു.

“സ്വാമിൻ... യാത്രക്കിടയിൽ മറ്റൊരു തത്തയെക്കണ്ടപ്പോൾ അതെന്നെ കൊല്ലും എന്നാണ് പറഞ്ഞത്. പക്ഷേ, ഈ തത്ത എന്നെ സ്വീകരിച്ചാനയിക്കുകയായിരുന്നു. എന്താണിതിന്റെയൊക്കെ അർഥം...?" സന്യാസിയോട് യാത്രക്കാരൻ തന്റെ സംശയം ചോദിച്ചു. മഹർഷി പറഞ്ഞു:

“ഒരു തത്തയ്ക്കു രണ്ടു കുഞ്ഞുങ്ങൾ ഉണ്ടായി. ഒന്നിനെ ഒരു വേട്ടക്കാരൻ പിടിച്ചു. അപ്പോൾ രക്ഷപ്പെട്ട മറ്റേ തത്തക്കുഞ്ഞ് ഇവിടെയെത്തി. വേട്ടക്കാരന്റെ കൂടെയുള്ള തത്തയെ ആണ് നിങ്ങൾ ആദ്യം കണ്ടിരിക്കുക. അത് അയാളുടെ ഭാഷ പഠിച്ചു. ഇവിടെയെത്തിയ തത്ത ഇവിടുള്ള കുട്ടികളിൽ നിന്നും പഠിച്ചു. ചുറ്റുപാടുകളാണല്ലോ ഒരാളെ നല്ലതും ചീത്തയും പഠിപ്പിക്കുന്നത്.”

# ആരാണ് ശക്തൻ

ഒരു ദിവസം അതിശക്തിയായി കാറ്റു വീശി. മരങ്ങളൊക്കെ ആടിയുലഞ്ഞു. ഇപ്പോൾ ഭൂമിയിലെ പിടിവിട്ട് വീഴും എന്നു തോന്നി. ഒരു മരം പറഞ്ഞു, "ഈ കാറ്റിന് എന്തൊരു ശക്തിയാണ്."

കാറ്റ് ഇതു കേട്ടു. അതിനു സന്തോഷമായി. ഒന്നുകൂടി വീശിയടിച്ചു. എന്നിട്ടു പറഞ്ഞു, "ങാ, ഞാൻ ശക്തൻ തന്നെ. എന്നെ ജയിക്കാൻ ആരാണുള്ളത്? ആരാണ് കാണട്ടെ."

സൂര്യൻ ഇതു കേട്ടു. ഒന്നു ചിരിച്ചു. എന്നിട്ടു ചോദിച്ചു,

"നമുക്കൊന്നു മത്സരിച്ചാലോ?"

"ഓഹോ. എന്താണു മത്സരം ?" കാറ്റും വിടാനുള്ള ഭാവമില്ല. "ദാ ആ പോകുന്ന മനുഷ്യന്റെ കോട്ട് ഊരിക്കണം. അത്രേയുള്ളൂ," സൂര്യൻ പറഞ്ഞു.

"ഹ! ഹ! അത്രേയുള്ളൂ? കണ്ടോളൂ," കാറ്റ് ഒന്നുകൂടി ശക്തിയായി വീശി.

അതുവഴി നടന്നു പോകുകയായിരുന്ന മനുഷ്യന്റെ കോട്ട് കാറ്റിൽ ഉയർന്നു പൊങ്ങി. അയാൾ അത് ദേഹത്തോടു ചേർത്തുപിടിച്ചു. കാറ്റ് അയാൾക്കു ചുറ്റും കറങ്ങി ശക്തിയായി വീശി.

ഇതെന്തു വിന! അയാൾ നടത്തം നിർത്തി. കോട്ടു ദേഹത്തോടു കൂടുതൽ ചേർത്തു പിടിച്ചുകൊണ്ടു നിന്നു. കാറ്റ് എത്ര ശ്രമി

ച്ചിട്ടും അയാൾ കോട്ട് ഊരിയില്ല.

അടുത്തത് സൂര്യന്റെ ഊഴമായി. കാറ്റു നിന്നപ്പോൾ വഴിപോക്കൻ നടന്നു തുടങ്ങി. സൂര്യൻ തന്റെ ചൂടു കൂട്ടി. വഴിയാത്രക്കാരൻ കോട്ടിന്റെ ബട്ടണുകൾ അഴിച്ചിട്ട് സ്വസ്ഥമായി നടന്നു നീങ്ങി. സൂര്യൻ കത്തിജ്ജ്വലിച്ചു. ഹൊ! എന്തൊരു ചൂട്! അയാൾ തന്റെ കോട്ട് ഊരി

വീശിക്കൊണ്ട് നടക്കാൻ തുടങ്ങി. അപ്പോൾ ചൂടു കുറഞ്ഞു. ഇതെല്ലാം കണ്ട കാറ്റ് തന്റെ അഹങ്കാരമെല്ലാം നിർത്തി, വൃക്ഷങ്ങളെ ഒന്നു പതുക്കെ തലോടിക്കൊണ്ടു വീശി. ഒരാളുടെ മഹത്ത്വം നിർണയിക്കുന്നത് അയാളുടെ ശക്തിയല്ല, സ്വഭാവ വൈശിഷ്ട്യമാണ്.

# അടിതെറ്റിയാൽ ആനയും വീഴും

ഒരാന കാട്ടിലൂടെ നടന്നു വരികയായിരുന്നു. ചുറ്റുമുള്ള

ചെടികളൊക്കെ വലിച്ചൊടിച്ചു കൊണ്ടാണ് വരവ്. അതു നടന്നു വരുന്ന വഴിയിൽ ഒരു ഉറുമ്പിൻപുറ്റ് ഉണ്ടായിരുന്നു. ഉറുമ്പുകൾ ഉറക്കെ വിളിച്ചു പറഞ്ഞു,

“നീയെന്താ ഈ കാണിക്കുന്നത്. ഒരു മര്യാദയുമില്ലേ? ഞങ്ങളുടെ കൂട് നീ ചവിട്ടി പൊടിക്കുമല്ലോ. വഴി മാറിപൊയ്ക്കൂടെ?”

അഹങ്കാരിയായ ആനയ്ക്ക് അതു തീരെ ഇഷ്ടപ്പെട്ടില്ല. ആന പറഞ്ഞു, “എന്താ പറഞ്ഞത്? നിങ്ങളോട് ഞാൻ മര്യാദ കാണിക്കണമെന്നോ? എന്തിന്? നിങ്ങളെക്കൊണ്ട് എന്തു ചെയ്യാൻ കഴിയും? ഒരുപയോഗവും ഇല്ലാത്ത ജീവികൾ."

ഉറുമ്പുകൾക്കും ദേഷ്യം വന്നു. ഈ അഹങ്കാരിയെ ഒരു പാഠം പഠിപ്പിക്കണം. അവ കൂട്ടത്തോടെ ആനയുടെ ദേഹത്തു പാഞ്ഞു കയറി കടിക്കാൻ തുടങ്ങി. പക്ഷേ, എന്തു ഫലം? ആനയുടെ കട്ടിത്തൊലിയിൽ ഈ ഇത്തിരിയോളം പോന്ന ഉറുമ്പിൻകടി ഏൽക്കുമോ?

ഇതെല്ലാം കണ്ടുനിന്ന ഒരു കുഞ്ഞുറുമ്പ പറഞ്ഞു “ഇതു കൊണ്ട് കാര്യമില്ല. അവന്റെ കണ്ണിൽ കടന്നുകയറിൻ. എന്നിട്ട് കടിക്കിൻ. ഞാൻ അവന്റെ ചെവിയിൽ കയറാം.” കുഞ്ഞനാണെങ്കിലും ആ ഉറുമ്പ് പറഞ്ഞത് ശരിയാണെന്ന് അവർക്ക് ബോധ്യമായി. ഒരുകൂട്ടം ഉറുമ്പുകൾ ആനയുടെ കണ്ണുകളിൽ പാഞ്ഞു കയറി കടിച്ചുപിടിച്ചു. കുഞ്ഞനുറുമ്പ് ആനയുടെ ചെവിക്കുള്ളിൽ കടന്നുകയറി.

ആനയ്ക്കു വിറളി പിടിച്ചു. അത് ഉറക്കെ ചിന്നം വിളിച്ചു. തല ശക്തിയായി കുലുക്കി. ഉറുമ്പുകൾ കടി ഒന്നുകൂടി മുറുക്കി. ആന വേദന കൊണ്ടു പുളഞ്ഞു. അത് കണ്ണിറുക്കിയടച്ചു. മുന്നോട്ടോടി. ശരീരം മരത്തിലിട്ടുരച്ചു. ഇല്ല, ഒരു രക്ഷയുമില്ല. അതു കണ്ണുകാണാൻ പാടില്ലാതെ ഓടുകയാണ്.

ചെവിക്കകത്തിരുന്ന് കുഞ്ഞനുറുമ്പ് ചോദിച്ചു. “ഇപ്പോൾ പറ, ഞങ്ങൾക്കു ശക്തിയുണ്ടോ?”

ആനയ്ക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല. അത് ഓട്ടത്തിനിടയിൽ ഒരു മരത്തിലിടിച്ച് നിലത്തു വീണു.

ഉറുമ്പുകൾ ഉച്ചത്തിൽ പറഞ്ഞു, “ഏതു ശക്തനും വീഴും. അഹങ്കരി ക്കരുത്.”

# <u>കടിച്ചതും പിടിച്ചതും</u>

പ്രാവും പൂവൻകോഴിയും കൂട്ടുകാരായിരുന്നു. അടുത്തടുത്ത വീടുകളിലാണ് താമസം. എന്നും അവരൊത്തുകൂടി രസകരങ്ങളായ പല കഥകളും കൈമാറും.ഒരു ദിവസം പൂവൻകോഴി ആപത്തിൽപ്പെട്ടു. ഒരു കുറുക്കൻ പതുങ്ങിപ്പതുങ്ങി വന്ന് അതിനെ പിടിച്ച് ഒരു ചാക്കിലിട്ട് യാത്രയായി. പാവം പൂവൻ!

ആ ചാക്കിൽ കിടന്ന് നിലവിളിച്ചു. പക്ഷേ, എന്തു ഫലം! കുറുക്കനുണ്ടോ വിടുന്നു.

പൂവൻകോഴിയുടെ നിലവിളി പ്രാവു കേട്ടു. അതിനു കാര്യം മനസ്സിലായി. എങ്ങനെയെങ്കിലും കൂട്ടുകാരനെ രക്ഷിക്കണം. പക്ഷേ, എങ്ങനെ? മനസ്സുണ്ടെങ്കിൽ മാർഗവുമുണ്ടല്ലോ! അതൊരു വഴി കണ്ടെത്തി. പാവ് കുറുക്കന്റെ തലയ്ക്കു മുകളിലൂടെ പറന്ന് അവന് മുന്നിൽ അല്പം അകലെയായി വീണു. എന്നിട്ടു ചലനമറ്റപോലെ കിടന്നു.

കുറുക്കനു സന്തോഷമായി. ചാക്കിൽ തടിച്ചു കൊഴുത്ത പൂവൻകോഴി. മുമ്പിലിതാ ഒരു പ്രാവ് ചത്തു വീണിരിക്കുന്നു. ഇന്നത്തെ കാര്യം കുശാൽ. കുറുക്കൻ ചാക്ക് തറയിലിട്ടു. ചത്തു കിടക്കുന്ന പ്രാവിനെ എടുക്കാനായി നടന്നു.

ചാക്ക് നിലത്തിട്ട് കാര്യം പൂവൻ മനസ്സിലാക്കി. അത് പതുക്കെ ചാക്കിൽ നിന്നിറങ്ങി. അടുത്തു കണ്ട പൊന്തക്കാട്ടിൽ ഒളിച്ചു. കുറുക്കൻ ചത്തുകിടന്ന പ്രാവിന്റെ അടുത്തെത്തി. എടുക്കാൻ കൈ നീട്ടി. അപ്പോഴതാ ചത്ത പ്രാവ് പറക്കുന്നു. അവൻ ഞെട്ടിപ്പോയി.

ങാ, പ്രാവു പോയെങ്കിൽ പോട്ടെ. കോഴിയുണ്ടല്ലോ. അവൻ തന്റെ ചാക്കെടുത്തു. ങേ! ഭാരമില്ല. കോഴിയും പോയി. അവൻ അവിടെയെല്ലാം നോക്കി. ഇല്ല, ഒരിടത്തും കാണാനില്ല.

അത്യാഗ്രഹം കൊണ്ടല്ലേ... കൈയിലിരുന്ന കോഴിയെ വിട്ട് പ്രാവിനെക്കൂടി എടുക്കാൻ പോയത്. കടിച്ചതും പോയി പിടിച്ചതും പോയി.

# ഒരു കിണർ

കടുത്ത വരൾച്ച. നാട്ടിലെ കുളങ്ങളൊക്കെ വറ്റിത്തുടങ്ങി. ബോധാനന്ദൻ തന്റെ കൃഷിയിടത്തിലേക്ക് വെള്ളം എടുത്തിരുന്ന കുളവും വറ്റിവരണ്ടു. കൃഷി നശിക്കാതിരിക്കാൻ ഇനി എന്താ ചെയ്ക?

തന്റെ കൃഷിയിടത്തിൽ ഒരു കിണർ കുഴിക്കാൻ അയാൾ തീരുമാനിച്ചു. സൗകര്യപ്രദമായ ഒരു സ്ഥലം കണ്ടെത്തി അവിടെ അയാൾ കിണർ കുഴിച്ചുതുടങ്ങി. ദിവസങ്ങൾ പലതുകഴിഞ്ഞു. ആഴം വളരെക്കൂടി. പക്ഷേ, വെള്ളം മാത്രം കിട്ടിയില്ല.

ബോധാനന്ദൻ കിണർ കുഴിക്കുന്ന വിവരം നാട്ടിൽ എല്ലാവരും അറിഞ്ഞു. കിണർ കാണാനെത്തിയ പലരും പല അഭിപ്രായങ്ങളും

പറഞ്ഞു. കിണർ കുഴിച്ചിട്ട് വെള്ളം കിട്ടാതെ വിഷമിച്ചിരുന്ന ബോധാനന്ദൻ അവരിൽ പലരുടെയും അഭിപ്രായങ്ങൾ കേട്ട് പലസ്ഥലങ്ങളിലായി പല കിണറുകൾ കുഴിച്ചു.

'കഷ്ടം. ഇത്രയും കിണറുകൾ കുഴിച്ചെങ്കിലും ഒന്നിൽ പോലും വെള്ളം ഇല്ലല്ലോ...?' വെള്ളം കിട്ടാതെ തന്റെ കൃഷി

നശിക്കുന്നതോർത്ത് അയാൾ ഒരു മരത്തണലിൽ തളർന്നിരുന്നു.തളർന്നിരിക്കുന്ന അയാളെ കണ്ട് അതുവഴി വന്ന സന്യാസി വിവരങ്ങൾ തിരക്കി.നടന്നതെല്ലാം അയാൾ പറഞ്ഞു.

“നീ പല കിണറുകൾ കുഴിച്ചതിനുപകരം ആദ്യം കുഴിച്ച കിണർ തന്നെ കുറച്ചുകൂടി ആഴത്തിൽ കുഴിച്ചിരുന്നെങ്കിൽ വെള്ളം കിട്ടുമായിരുന്നല്ലോ...” ഇതും പറഞ്ഞ് സന്യാസി നടന്നകന്നു.